# ജോർജ്ജിയൻ വോയ്സ്

GEORGIAN VOICE


ലക്കം 3 | നവംബർ 2011 | പുസ്തകം 2



യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം

## സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ കരിങ്ങാച്ചിറ

# ജന്മദിനാശംസകൾ



2011 നവംബർ 10-ന് 52-ാം ജന്മദിനം ആഘോഷിക്കുന്ന പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും കൊച്ചി ഭദ്രാസനമെത്രാപ്പോലീത്തയുമായ അഭിവന്ദ്യ ജോസഫ് മോർ ഗ്രീഗോറിയോസ് തിരുമനസ്സിന് ജന്മദിനാശംസകൾ നേരുന്നു.

## സെന്റ് ജോർജ്ജ് സിറിയൻ കത്തീഡ്രൽ, കരിങ്ങാച്ചിറ

### കുടുംബ യൂണിറ്റ് ഭാരവാഹികളുടെ വിവരങ്ങൾ

| | | | |
|---|---|---|---|
| 1. | ഫാ. ഷമ്മി ജോൺ | പ്രസിഡന്റ് | 9995882299 |
| 2. | ഫാ. റോയി പോൾ | വൈസ് പ്രസിഡന്റ് | 9895466058 |
| 3. | ഫാ. വർഗീസ് പുലയത്ത് | കൺവീനർ | 9447154773 |
| 4. | സി.പി. ബാബു | വൈസ് പ്രസിഡന്റ് | 9447095021 |
| 5. | പി.പി. തങ്കച്ചൻ | ട്രസ്റ്റി | 9447726520 |
| 6. | ഷെവ. സി.എ. വർഗീസ് | ട്രസ്റ്റി | 9847338470 |
| 7 | ഐ.കെ. ജോർജ്ജ് | ചീഫ് കോ-ഓർഡിനേറ്റർ | 9744002616 |

**കോ-ഓർഡിനേറ്റേഴ്സ്, സെക്രട്ടറി**

**ടി.വി. പൗലോസ്, കോ-ഓർഡിനേറ്റർ, കരിങ്ങാച്ചിറ, എ, ബി, ഇരുമ്പനം - 9446088655**

| | | | |
|---|---|---|---|
| 1. | ലീല കുര്യാച്ചൻ | മോർ കൂറിലോസ് | 9895425994 |
| 2. | അനിൽ സി. പീറ്റർ | ഇസ്രായേൽ | 9995550007 |
| 3. | എം.എം. ചെറിയാൻ | സെന്റ് ജോൺസ് | 9288064449 |
| 4. | രൂത്തമ്മ മാത്യു | സെന്റ് പീറ്റേഴ്സ് | 94958 40706 |
| 5. | റോയി കെ. പോൾ | മോർ കുര്യാക്കോസ് | 98466144168 |

**ജോൺ വർഗീസ് - കക്കാട്, അടൂർ, കൊഴിഞ്ഞൂർ - 9895723309**

| | | | |
|---|---|---|---|
| 6. | ടി.വൈ. യൽദോസ് | മോർ ബസ്സേലിയോസ് | 9544933267 |
| 7. | ചിന്നമ്മ | മോർ ഗ്രീഗോറിയോസ് | 9746757094 |
| 8. | ജോജി പീറ്റർ | സെന്റ് ഇഗ്നേഷ്യസ് | 9447219799 |
| 9. | നോബി ജോർജ്ജ് | മൗണ്ട് താബോർ | 9645643252 |

**ബാബു വർഗീസ്, കുഴിക്കാട്, വെണ്മണി - 9947377132**

| | | | |
|---|---|---|---|
| 10. | ഒ.ജെ. പൗലോസ് | സെന്റ് മേരീസ് | 9605949228 |
| 11. | പി.പി. രാജു | സെന്റ് ജേക്കബ് | 9495189890 |
| 12. | പ്രവീൺ | മോർ മിഖായേൽ | 9497201638 |
| 13. | ജോയി | ബഥാനിയ | 9895661680 |

**എൻ.പി. ജോർജ്ജ്, ചോറ്റാനിക്കര, മുരിയമംഗലം - 9142444940**

| | | | |
|---|---|---|---|
| 14. | ടി.വി. വർക്കി | ബർസൗമ | 9446441780 |
| 15. | വർക്കി കയ്യാണിക്കൽ | മോർകൗമ | 2711444 |
| 16. | തോമസ് | മോർ സേവേറിയോസ് | 2786144 |
| 17. | മോൻസി സി.എ. | സെന്റ് പോൾസ് | 9142022577 |

**എം.പി. പോൾ, തിരുവാങ്കുളം ബി.സി. - 9446665862**

| | | | |
|---|---|---|---|
| 18. | ജയിംസ് മാത്യു | മൗണ്ട് കാർമൽ | 9544351434 |
| 19. | ടി.ജെ. റെജി | മൗണ്ട് ഹെബ്രോൺ | 9995209686 |
| 20. | പി.വി. ബേബി | നസ്രത്ത് | 9446493645 |

**എം.പി. ജീവൻ, ചിത്രപ്പുഴ, തിരുവാങ്കുളം എ - 9847225591**

| | | | |
|---|---|---|---|
| 21. | എം.പി. മാത്യു | ബത്സെയിദ | 9048022379 |
| 22. | എം.എം. കുര്യാക്കോസ് | മാർ സ്തേഫാനോസ് | 9388603818 |
| 23. | എം.പി. സാജു, | മാർ അപ്രേം | 9947283325 |
| 24. | കെ.സി. വർഗീസ് | പോളികാർപ്പസ് | 9446015550 |




## ജോർജ്ജിയൻ വോയ്സ്

**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

*ചെയർമാൻ*

**റവ.ഫാ. ഷമ്മി ജോൺ**

*വൈസ് ചെയർമാൻ*

**റവ.ഫാ. റോയ്പോൾ**

**റവ.ഫാ. വർഗീസ് പുലയത്ത്**

*ഉപദേശക സമിതി*

**റവ.ഫാ. വർഗീസ് പുലയത്ത്**

**റവ. ഫാ. സഖറിയ ഓണേരിൽ**

*മാനേജിംഗ് എഡിറ്റർ*

**റവ.ഫാ. സെബുപോൾ**

*ചീഫ് എഡിറ്റർ*

**വർഗീസ് രാജു**

*പ്രിന്റർ & പബ്ലിഷർ*

**ഷൈജു പി.കെ.**

*സബ് എഡിറ്റേഴ്സ്*

**രൻജി പോൾ**

**യൽദോ ജോർജ്ജ്**

**മാത്യു പോൾ**


# നവംബർ 2011

## ഇതളുകൾ വിരിയുമ്പോൾ


- എഡിറ്റോറിയൽ
- മലങ്കരയുടെ പരിശുദ്ധനായ പരുമല തിരുമേനി
- ക്രിസ്തീയ പേരുകളുടെ പ്രാധാന്യം
- വിശുദ്ധ സഭ - വിശുദ്ധ കൂദാശകൾ
- വിശുദ്ധ ദൈവമാതാവും പരിശുദ്ധ സുറിയാനി സഭയും
- ഗീവർഗീസ് മോർ ബർണ്ണാബാസ് മെത്രാപ്പോലീത്ത
- സെന്റ് ജോർജ്ജ് നാണയങ്ങൾ
- ഇടവക കലണ്ടർ
- വിജ്ഞാനകൗതുകം



ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ - 682 309
E-mail: georgianvoices@gmail.com




കമാൻഡറും മന്ത്രിയുമായ

ടി.എം. ജേക്കബിന്

കത്തീഡ്രലിന്റെ ആദരാഞ്ജലികൾ



# എഡിറ്റോറിയൽ

## 'ക്രൂരതയുടെ തീക്കനൽ എരിയുമ്പോൾ'

സ്നേഹം എന്നത് ഒരു വെറും വാക്കല്ല. അത് സകലത്തിന്റേയും ആധിപത്യത്തിന്റെ മുകളിൽ വസിക്കേണ്ടതും മനുഷ്യനിൽ അലിഞ്ഞ് ചേരേണ്ടതുമാണ്. എന്നാൽ സ്വാർത്ഥ താൽപര്യങ്ങൾ മനുഷ്യനിൽ പുനർ ജനിക്കുമ്പോൾ സ്നേഹം എന്നത് പകയുടെ കരിനിഴൽ വീണ് ക്രൂരതയുടെ മുഖം ധരിക്കുന്നു. നാം പത്രമാധ്യമങ്ങളിലൂടെ ധാരാളം ആതുര സേവനത്തിന്റേയും ക്ഷമയുടേയും വാർത്തകൾ വായിക്കുമ്പോൾ കൂട്ടത്തിൽ ക്രൂരതയുടെ ഒരു വാർത്ത വായിച്ചാൽ നമ്മിൽ വിഷമം ഉണ്ടാകുന്നു എന്നുള്ളത് സത്യമാണ്. എന്നാൽ ഇത് വായിച്ച് രസിക്കുന്നവരും ഇത് ചെയ്യുന്നവരും സമൂഹത്തിൽ വർദ്ധിച്ചിരിക്കുന്നു എന്നത് കഴിഞ്ഞ ദിനങ്ങളിൽ കണ്ടതാണ്. ബസ്സിൽ സഞ്ചരിച്ചിരുന്ന ഒരു യുവാവ് പെരുമ്പാവൂർ ബസ്സ് സ്റ്റാന്റിൽ കൂടെ സഞ്ചരിച്ചിരുന്നവരാൽ നിഷ്ഠൂരമായി കൊല ചെയ്യപ്പെട്ട വാർത്ത കേരളം ഒന്നാകെ ഞെട്ടലോടെയാണ് ശ്രവിച്ചത്. വെറും പതിനായിരം രൂപയാണോ ഒരു മനുഷ്യജീവന്റെ വില എന്ന് നാം ഓർക്കണം. സ്വന്തം സഹോദരനെകൊല ചെയ്ത കയ്യിന്റെ അടുത്ത് ദൈവം ചോദിക്കുന്നു "നിന്റെ സഹോദരൻ എവിടെ" എന്ന്. നമ്മളും സ്വയം ചിന്തിക്കേണ്ടിയിരിക്കുന്നു. നമ്മുടെ സഹോദരന്മാരെ കൊലചെയ്യുവാനുള്ള മനസ്സ് ആണോ നമ്മുടേത്. ജീവിതത്തിൽ നാം സമ്പാദിച്ച് കൂട്ടുന്നത് നമ്മിളിലുള്ള സ്നേഹവും സാഹോദര്യവും ഇല്ലാതാക്കുവാൻ വേണ്ടിയാണോ. സ്നേഹത്തിന്റെയും സാഹോദര്യത്തിന്റേയും വചനങ്ങൾ പഠിപ്പിക്കുന്ന മതങ്ങൾ, വ്യക്തികൾ ഇവരെല്ലാം വേണ്ടുവോളം കേരളത്തിലുള്ളപ്പോൾ ഈ ജീവൻ എങ്ങനെ നഷ്ടപ്പെട്ടു എന്ന് നാം ചിന്തിക്കണം. കാരണം നമ്മളും ഈ സമൂഹത്തിന്റെ ഭാഗമാണ്. നാളെ നമ്മളും ഇതുപോലെ സഞ്ചരിക്കേണ്ട അവസ്ഥ ഉണ്ടായേക്കാം. നാലാൾ നോക്കി നിൽക്കേ ഒരു മനുഷ്യനെ ചവിട്ടിയും മർദ്ദിച്ചും കൊലചെയ്തപ്പോൾ നോക്കി നിന്നവർ കണ്ടില്ല എന്ന മട്ടിൽ മാറിനിന്നേക്കാം. പിറ്റേ ദിവസം വാർത്ത കേട്ടപ്പോൾ കഷ്ടം എന്ന് പറഞ്ഞ് നമ്മളും ഒരു നിമിഷം നിന്നേക്കാം. എന്നാൽ നഷ്ടപ്പെട്ടത് നമുക്കല്ല മറിച്ച് സ്വന്തം മകൻ വരുന്നതും കാത്ത് ക്ഷമയോടെ നിന്ന ആ അമ്മ. അന്നേ ദിവസത്തെ അന്നം പാകം ചെയ്ത് ഭർത്താവിനെ കാത്ത് നിന്ന ആ ഭാര്യ സ്നേഹത്തിനും വാത്സല്യത്തിനുമായി വെമ്പുന്ന മനസ്സുകളുമായി കാത്തു നിന്ന ആ കുഞ്ഞു മക്കൾ ഇവർക്കെല്ലാം നഷ്ടപ്പെട്ടത് അവരുടെ നാഥനെയാണ്. നമുക്ക് ഒരിക്കലും തിരിച്ച് കൊടുക്കുവാൻ സാധിക്കില്ല ആ ജീവനെ. പക്ഷേ ഇനി ഇത് ഒരിക്കലും ആവർത്തിക്കാതിരിക്കുവാൻ നമുക്ക് സാധിക്കും. സ്നേഹത്തിന്റേയും ക്ഷമയുടേയും പാഠങ്ങൾ നമ്മുടെ മനസ്സുകളിൽ മാറ്റങ്ങൾ ഉണ്ടാക്കട്ടെ എന്ന് പ്രാർത്ഥിക്കാം...

# മലങ്കരയുടെ പരിശുദ്ധനായ പരുമല തിരുമേനി

മുളന്തുരുത്തിയിലെ പുരാതനമായ പള്ളത്തിട്ട കുടുംബത്തിന്റെ ശാഖയായ ചാത്തുരുത്തിൽ കുടുംബത്തിൽ കൊച്ചു മത്തായിയുടേയും മറിയ ത്തിന്റേയും ഇളയമകനായി എ.ഡി. 1848 ജൂൺ 15 -ന് ഗീവർഗീസ് ഭൂജാതനായി. ചരിത്ര പ്രസിദ്ധ തീർത്ഥാടനകേന്ദ്രമായ കരിങ്ങാച്ചിറ കത്തീഡ്ര ലിന്റെ ആരാധനവിശു ദ്ധിയുടെ നിദർശന മായി പരിശുദ്ധ പരുമല തിരുമേനി ആചാര്യത്വ ശുശ്രൂഷയിലേക്ക് ആദ്യപടി ചവിട്ടിയതിന്റെ ഓർമ്മ നിലനിൽക്കുന്നു.

പൗരോഹിത്യ ജീവിത ത്തിന്റെ ഒന്നാമത്തെ പദവിയായ കോറുയോ പട്ടം (ശെമ്മാശ്ശസ്ഥാനം) ഗീവർഗീസ് സ്വീക രിച്ചു. 1858 സെപ്റ്റംബർ 14-ാം തീയതി കരിങ്ങാച്ചിറ പള്ളിയിലായി രുന്നു ചടങ്ങ് നടന്നത്. 1846-ൽ മലങ്കരയിൽ എത്തിയിരുന്ന യുയാക്കീം മോർ കൂറിലോസ് ബാവായുടെ അരുമശി ഷ്യനായിരുന്നു. ഗീവർഗീസ് ശെമ്മാശന് ബാവാ 1865-ൽ പൂർണ്ണ ശെമ്മാശപ്പട്ടവും കശീശ്ശാ സ്ഥാനവും തുടർന്ന് അതേ വർഷം തന്നെ (പതിനെട്ടാമത്തെ വയസ്സിൽ) കോർ എപ്പിസ്കോപ്പാ സ്ഥാനവും നൽകി. 1872-ൽ പുലിക്കോട്ടിൽ ജോസഫ് മോർ ദീവന്ന്യാസിയോസ്, റമ്പാൻ സ്ഥാനം നൽകി. 1875-ൽ മലങ്കരയിൽ എത്തിയ പരിശുദ്ധ പത്രോസ് നാലാമൻ പാത്രിയർക്കീസ് ബാവായുടെ സെക്രട്ടറിയായി നിയമിക്കപ്പെട്ടത് ഗീവർഗീസ് റമ്പാനായിരുന്നു.




1876 ഡിസംബർ 10-ാം തീയതി പരി. പത്രോസ് പാത്രിയർക്കീസ് ബാവാ നിരണം ഭദ്രാസനത്തിന് വേണ്ടി ഗീവർഗീസ് മോർ ഗ്രീഗോറിയോസ് എന്ന പേരിൽ വടക്കൻ പറവൂർ പള്ളിയിൽ വച്ച് മെത്രാപ്പോലീത്തയായി വാഴിച്ചു. കേവലം 29 വയസ്സുമാത്രമുണ്ടായിരുന്ന മെത്രാപ്പോലീത്ത "കൊച്ചു തിരുമേനി" എന്നറിപ്പെടുന്നു.

യെരുശലേം യാത്ര നടത്തിയ തിരുമേനി, ''ഊർശലേം യാത്രാ വിവരണം'' എന്ന പുസ്തകം എഴുതി പ്രസിദ്ധീകരിച്ചു. 1895 -ൽ പരുമല പള്ളിയും ദയറായും പണികഴിപ്പിച്ചു. ഈ പിതാവ് 26 വർഷം സഭയെ ഈ വിശ്വാസത്തിൽ നടത്തിയശേഷം 1902 നവംബർ 2-ാം തീയതി കാലം ചെയ്ത് പരുമല പള്ളിയിൽ അടക്കപ്പെട്ടു.

മലങ്കര സുറിയാനി സഭയിലെ ആദ്യത്തെ പ്രഖ്യാപിത പരിശുദ്ധനായ ഈ പിതാവിന്റെ പേര് അഞ്ചാം തുബ്ദേനിൽ ഓർക്കപ്പെടുന്നു. 1947-ൽ ആകമാനയാക്കോബായ സുറിയാനി സഭ അദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു. ഈ മഹാപരിശുദ്ധന്റെ ഓർമ്മപ്പെരുന്നാൾ നവംബർ 1, 2 തീയതികളിൽ കരിങ്ങാച്ചിറ കത്തീഡ്രലിൽ കൊണ്ടാടുന്നു.

ആയിരങ്ങളുടെ പ്രാർത്ഥനകളെ ദൈവ സന്നിധിയിൽ സമർപ്പിച്ച്. നിത്യവിശുദ്ധമായി സ്വർഗ്ഗീയ സന്നിധിയിൽ സമർപ്പിച്ച് വാഴുന്ന തിരുമേനിയുടെ ജീവിതം സഭാ മക്കൾക്ക് വിശ്വാസ തീവ്രതയുടെ പാഠമാണ്.



## ത്രിയേകദൈവത്തിന് സ്തുതി

# ക്രിസ്തീയ പേരുകളുടെ പ്രാധാന്യം

**ഫിനഹാസ് റമ്പാൻ ദയറായോ നാസിഹോ (വിശിഷ്ടനായ സന്യാസി)**

“ഞാൻ നിന്നെപേർ ചൊല്ലി വിളിച്ചിരിക്കുന്നു” വി. ഏശായ 43:1

പരിശുദ്ധ സഭയുടെ മാമോദീസാ കൂദാശയിൽ, ആചാര്യനാൽ വിളിക്കപ്പെടുന്ന പേരുകൾ പരിശുദ്ധാത്മാവിനാൽ നൽകപ്പെടുന്ന പേരുകൾ ആകുന്നു. ഒരു മനുഷ്യന്റെ ഏറ്റവും സമുന്നതമായ ഭാഗ്യം പരിശുദ്ധാത്മദാനം അത്രേ. ഏറ്റവും വലിയ നിർഭാഗ്യം, ആദാനം നഷ്ടപ്പെടുത്തുന്നതുമാകുന്നു. (വി. ലൂക്കോസ് 11:13, അ.പ്രവൃ. 1.8) വി. മാമോദീസായ്ക്കു ശേഷം പള്ളിയിൽ നിന്നും ഇറങ്ങുന്ന നിമിഷംതന്നെ പലരും ഈ പേരുകളെ അവഗണിക്കുന്നു. അനേകം പേർക്ക് അവരുടെ മാമോദീസാ പേർ എന്തെന്ന് യാതൊരു വിവരവും ഇല്ല! പകരം രാഷ്ട്രീയ നേതാക്കൾ, രക്തപാതകികളായ വിപ്ലവകാരികൾ, സ്പോർട്ട്സ്-സിനിമ താരങ്ങൾ, അല്ലെങ്കിൽ സ്വയനിർമ്മിതവും അർത്ഥരഹിതവുമായ പദങ്ങൾ, ഹൈന്ദവ ദേവീദേവന്മാരുടെ പേരുകൾ, ഇവ നൽകുന്നത് സർവ്വസാധാരണമായിരിക്കുന്നു! ഒരു ശിശുവിന് ഒരു പരിശുദ്ധന്റേയോ ശുദ്ധിമതിയുടേയോ പേർ വിളിക്കുന്ന സമയം മുതൽ അവന്റെ (അവളുടെ) ആയുഃഷ്ക്കാലമൊക്കെയും പറുദീസായിലും മറ്റും ആ പേർ ഉള്ള സകല വിശുദ്ധാത്മാക്കളും ശിശുവിന്റെ കാവൽ മാലാഖായും ശിശുവിനുവേണ്ടി മദ്ധ്യസ്ഥത ദൈവത്തിന് സദാ സമർപ്പിക്കുന്നു. (വി. മത്തായി 18:10). അതേ സമയം ശിശുവിന്റെ നാശത്തിനായി ഒരു ദുഷ്ടകാവൽ പിശാചിനെ സാത്താനും നിറുത്തുന്നു. ഇവർ പരസ്പര വിരുദ്ധ ഉദ്ദേശത്തോടെ ശിശുവിനെ അനുധാവനം ചെയ്യുന്നു. വളർച്ചയിൽ ശിശുവിന്റെ ഗതിയനുസരിച്ച് ഇവർ അടുക്കുകയും അകലുകയും ആവാം. (ഇയ്യോബ് 5:1, വെളി. 5:8, 8:4) പരിശുദ്ധാത്മനൽവരമുള്ള പേര് ശിശുവിൽ നിന്നും മാറ്റുമ്പോൾ, ആ ശിശുവിനു വേണ്ടി പരിശുദ്ധന്മാർ മദ്ധ്യസ്ഥത അണക്കുവാനുള്ള ഭാഗ്യം ശിശുവിന്ന് നഷ്ടമാകാൻ സാദ്ധ്യതയുണ്ട്. പിശാച് ഇതിൽ നിഗളിക്കുന്നു.

എന്നാൽ ഒരേ മാതാപിതാക്കൾക്ക് ഒരേപേർതന്നെ ഒന്നിൽ കൂടുതൽ ശിശുക്കൾക്ക് മാമോദീസായിൽ നൽകുവാൻ സംഗതി ആയാൽ, പിന്നീട് അവരിൽ ഒരു ശിശുവിന്ന് മറ്റൊരു പരിശുദ്ധന്റെയോ ശുദ്ധിമതിയുടേയോ പേർ വിളിക്കുന്നത് ന്യായീകരിക്കാം. പേർ വിളിക്കുന്ന കാര്യത്തിൽ, പല മറ്റു കാര്യങ്ങളിൽ എന്നപോലെ നാം അന്യജാതികളിൽ നിന്നും പഠിക്കണം എന്ന് തിരുവചനങ്ങൾ നമ്മെ അനുശാസിക്കുന്നു. (റോമർ 10:19) ഉദാഹരണമായി മുഹമ്മദീയർ അധികവും അവരുടെ ഭക്തരുടെ പേരുകൾ മാത്രമേ മക്കൾക്ക് വിളിക്കാറുള്ളൂ. ഹിന്ദു പുരാണങ്ങളിലും അർത്ഥവത്തായ നല്ല പേരുകൾ ഉണ്ട്. ധർമ്മപുത്രൻ, അനസൂയ (അസൂയയില്ലാത്തവൾ) പ്രിയംവദ (മധുരമായി സംസാരിക്കുന്നവൾ).

ക്രൈസ്തവർക്ക് പേർ പ്രാധാന്യമുള്ളതും ദൈവനിയോഗമുള്ളതുമാണ്. “അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാൻ ഇരിക്കകൊണ്ട് നീ അവന്ന് യേശു എന്ന് പേർ ഇടേണം”. അവൻ ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള “അമ്മാനുവേൽ” എന്നുവിളിക്കപ്പെടും (വി. മത്തായി 1:21–22). അവന്ന് യോഹന്നാൻ എന്ന് പേർവിളിക്കണം.( വി.ല ൂക്കോസ്1 :13,6 0–64). യോഹന്നാൻ എന്ന പദത്തിന് “ദൈവം ആർദ്ര സ്നേഹവാനാകുന്നു” എന്നർത്ഥം.

പുതിയ പുതിയ ഫാഷൻപേരുകൾ നല്കുകയും വി. മാമോദീസാ പേരുകൾ തള്ളുകയും ചെയ്താൽ, പ്രത്യാഘാതമായി ശിശുക്കൾ അഭക്തരും അനുസരണം കെട്ടവരുമായി ഭവിക്കുവാൻ സാദ്ധ്യതയുണ്ട്.

വി. മാമോദീസായ്ക്കു മുമ്പ് ഒരു “ദൈവാലയപ്രവേശനവും വിശുദ്ധീകരണവും” എന്ന ശുശ്രൂഷ പ്രസവിച്ച സ്ത്രീക്കും ശിശുവിനും കൂടെ ഉണ്ട്. എന്നാൽ ഇതു ഇന്ന് പാടെ അവഗണിച്ചിരിക്കുന്നു. (വി. മർക്കോസ് 4:9)

ത്രിയേകദൈവത്തിന് സ്ത്രോത്രം

# വിശുദ്ധ സഭ - വിശുദ്ധ കൂദാശകൾ

മലങ്കര മല്പാൻ കോറൂസോ ദശ്റോറോ സോഫാർ
ഡോ. കുര്യൻ കോർ എപ്പിസ്കോപ്പാ, കണിയാംപറമ്പിൽ

റോമൻ ചക്രവർത്തിമാരായിരുന്ന നീറോ, ഡൊമിഷ്യൻ, ട്രാജൻ, ആദ്രിയാൻ, ആന്റണിയോസ്, ഔറേലിയോസ്, ഡേവിറസ്, ദേസിയസ്, വലേറിയൻ, ഡയോക്ലീഷൻ എന്നീ പത്തുപേരുടെ പീഢകളിൽ അനേകായിരങ്ങൾ വിശ്വാസത്തിൽ നിന്നും കാലുമാറാതെ രക്തസാക്ഷി മരണം പ്രാപിച്ചു. അവരിൽ പ്രധാനികൾ വി. ഇഗ്നാത്യോസ്, വി. പോളീക്കാർപ്പ്, വി. ക്ലീമീസ് മുതലായ രക്തസാക്ഷികളിൽ നിന്നും അവരുടെ ശിഷ്യന്മാരിൽ നിന്നും 1-ാം നൂറ്റാണ്ടു മുതൽ ഗ്രഹിച്ചവയത്രെ വി. സഭയുടെ വിശ്വാസ സത്യങ്ങൾ.

8. ക്രിസ്തുവിന്റെ - പരിശുദ്ധാത്മാവിന്റെ - ദൈവത്വത്തെ നിഷേധിച്ച (ക്രിസ്തുവും പരിശുദ്ധാത്മാവും പിതാവിനോടു സമനല്ല) എന്ന വേദവിപരീതങ്ങൾ പ്രചരിപ്പിച്ച അറിയോസിന്റേയും (325) മക്കദോനിയോസിന്റേയും (381) വേദവിപരീതങ്ങളിൽ നിന്നും വിശ്വാസികളെ രക്ഷിച്ചതും ദൈവതത്വത്തെ സമർപ്പിച്ചു നമ്മെ ഭാരമേൽപ്പിച്ചതും ക്രിസ്തുവിന്റെ സഭയത്രെ.

9. മോർ ഗീവർഗീസ് സഹദാ മുതലായവരെ വധിച്ച ഡൊമിഷ്യൻ ചക്രവർത്തി സഭാവക ഗ്രന്ഥങ്ങൾ നശിപ്പിക്കുവാൻ നിശ്ചയിച്ചപ്പോൾ 'ക്രിസ്തുവിന്റെ സഭയുടെ പിതാക്കന്മാർ ക്രി: 293-ൽ കാർത്തേജിൽ കൂടി അന്നു നിലവിലുണ്ടായിരുന്ന ഗ്രന്ഥങ്ങൾ പരിശുദ്ധാത്മ നിറവോടെ പരിശോധിച്ച് ചിലതെല്ലാം വ്യാജം (spurious) എന്നും മറ്റുചിലത് വിശ്വസനീയമല്ലെന്നും (of doubtful origin) കണ്ട് തള്ളിക്കളയുകയും കാനോനിക പുസ്തകങ്ങളായി ഇന്നും നാം ഉപയോഗിക്കുന്ന 'പുതിയ നിയമം' ഇന്നു കാണുന്ന രീതിയിൽ ക്രമപ്പെടുത്തുകയും ചെയ്തു. അങ്ങനെ'വി. വേദപുസ്തകം' നൽകിയതും വിശുദ്ധ സഭയാണ്. (Helps to the study of Bible)

'സഭ' എന്ന പേര് അന്വർത്ഥമാകണമെങ്കിൽ അത് അപ്പോസ്തോലികമായിരിക്കണം. എന്നു പറഞ്ഞാൽ അതിൽ 1. അപ്പോസ്തോലിക വിശ്വാസം 2. അപ്പോസ്തോലിക "കൈവെപ്പ്" ഉണ്ടായിരിക്കണം. 3. അപ്പോസ്തോലിക ബന്ധം - അതായത് കർത്താവായുള്ള ബന്ധം ഉണ്ടായിരിക്കണം. പ. യാക്കോബായ സുറിയാനി സഭയ്ക്ക് ഈ ബന്ധം നിഷ്പ്രയാസം കാണിക്കുവാൻ സാധിക്കുന്നു. അപ്പോസ്തോലിക ബന്ധം പിൻതുടർച്ച കാണിക്കുവാൻ സാധിക്കാത്ത ഒന്നിന് 'സഭ' എന്ന മഹനീയ സ്ഥാനമില്ല തന്നെ.

സംഘടനകൾ രണ്ടുതരമുണ്ട്. (Organic and Contractual) 1. കുടുംബം ഒരു സംഘടനയാണ്. (Organic) അതായത് നാം അതിൽ ജനിക്കുന്നു, വളരുന്നു. 2. ഒരു സ്ഥാപനവും സംഘടനയാണ്. വ്യത്യാസം അതിന്റെ പേര്, നിയമാവലി, നിയമനാദിയായവ നടത്തുന്നവർ അതിലെ അംഗങ്ങളാണ് എന്നുള്ളതാണ്. ഇതാണ് "വി. സഭയും" "സഭകളും" തമ്മിലുള്ള വ്യത്യാസം.

"മതമേതായാലും മനുഷ്യൻ നന്നായാൽ മതി" എന്നുള്ളപോലെ സഭ ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്നു പറയുവാൻ സാദ്ധ്യമല്ല. കാരണം "എന്നിൽക്കൂടെയല്ലാതെ... സാദ്ധ്യമല്ല" എന്ന കർതൃവചനവും "മറ്റൊരുവനിലൂടെയും രക്ഷയില്ല"എ ന്നഅ പ്പോസ്തോലികപ്രഖ്യാപനവും വിശ്വസിക്കുന്നവർക്ക് "കർത്താവിന്റെ സഭയിൽ" അംഗത്വം ആവശ്യമത്രെ. അത് സഭ കർത്താവിന്റെ ശരീരമാകയാൽ തന്നെ.

അപ്പോ. പ്രവൃത്തിയിൽ സ്ഥാനികൾ ആവശ്യമാണെന്ന് സ്പഷ്ടമായിക്കാണാം. "എന്റെ കൈവെപ്പുമൂലം" (2 തീമോ.) എന്നു പറയുന്നത് ആരോടാണോ ആതിമെത്തിയോസ് ധൃതിയായി കൈവയ്പ് നടത്തരുതെന്ന് പ്രബോധിപ്പിക്കുന്നു. വി. പൗലോസ് തീത്തോസിനോട് പട്ടണം തോറും പ്രസ്ബിറ്റർമാരെ (Ordain) ചെയ്യുവാൻ നിർദ്ദേശിക്കുന്നു. അങ്ങനെഅദ്ധ്യക്ഷൻ (എപ്പിസ്കോപ്പാ ബിഷപ്പ്), കശീശ, മൂപ്പൻ, പ്രസ്ബിറ്റർ (അ.പ്ര. 20), ശെമ്മാശൻ (Deacon) അ.പ്ര. 6) എന്നീ സ്ഥാനികളെ അ.പ്ര. യിൽ കാണാം. ഈ കൈ വയ്പും സ്ഥാനങ്ങളുമില്ലാതെ സഭ ഇല്ല. നമ്മുടെ കർത്താവ് കൈയിൽ വഹിച്ച പൈതലും റോമിലെ സിംഹക്കുഴിയിൽ രക്തസാക്ഷി മരണം വരിച്ചവനും വിശുദ്ധ പത്രോസിന്റെ അടുത്ത പിൻഗാമിയുമായിരുന്ന 'വി. ഇഗ്നാത്തിയോസിന്റെ' വി. സഭ മാതാവല്ലാത്തവന് ദൈവം പിതാവാകുകയില്ല എന്ന പ്രസ്താവനമറക്കാനാവതല്ല.

10. കർത്താവിന്റെ സഭയുമായോ അതിന്റെ വിശ്വാസത്തോട് ബന്ധപ്പെടാത്തവരോട് വിശിഷ്ടമായ സഭയുടെ വിശ്വസ്തരായ മക്കൾ ആത്മീക കാര്യങ്ങളിൽ സഹകരിക്കരുത്. നാം എത്ര നിർബ്ബന്ധിച്ചാലും നമ്മുടെ പ്രാർത്ഥനശുശ്രൂഷാദികളിൽ അശേഷവും സംബന്ധിക്കാതിരിക്കുന്നവരുമായി നാം ബന്ധപ്പെടുന്നത് യുക്തമാണോ?

താഴെ പറയുന്ന വേദഭാഗങ്ങൾ നോക്കുക: 2 പത്രോസ് 2:2 യോഹ. 10, റോമ. 16, 17, 18; 2 തീമോ. 3, 5, 6; ഗലാ. 1-6, 8

തുടരും...



# വിശുദ്ധ ദൈവമാതാവും പരിശുദ്ധ സുറിയാനി സഭയും

ഫാ. ഷമ്മി ജോൺ എരമംഗലം (വികാരി)

വിവിധ ക്രൈസ്തവ സഭകൾ കന്യകമറിയാമിനോടുള്ളസ മീപനത്തിൽവ ളരെയേറെവ്യത്യാസം പ്രദർശിപ്പിക്കുന്നുണ്ട്. മാതാവിന് ഏറ്റവും കൂടുതൽ പ്രാധാന്യം നൽകുന്നത് ഓർത്തഡോക്സ് സഭകളാണ്. അന്ത്യോഖ്യാ പാരമ്പര്യത്തിൽ പരി. ദൈവാലയത്തിൽ ഒരു ബലിപീഠം പരിശുദ്ധ അമ്മയുടെ നാമത്തിലായിരിക്കണം. കഷ്ടാനുഭവ ആഴ്ചയിൽ ഒഴികെ മറ്റെല്ലാ ദിവസങ്ങളിലും യാമ പ്രാർത്ഥനകളിൽ പരിശുദ്ധ അമ്മയെ സ്മരിക്കുന്നു.

നമ്മുടെ രക്ഷയ്ക്കായി സ്വർഗ്ഗത്തിൽനിന്നും ഇറങ്ങിവന്ന പുത്രൻ തമ്പുരാനെപ്രസവിച്ച വിശുദ്ധ അമ്മ ലോകത്തിന്റെ മുഴുവൻ അമ്മയാണ്, വേദപുസ്തകത്തിൽ അമ്മയേക്കാൾ ശ്രേഷ്ഠയായ ഒരു വനിതാ രത്നവും ഇല്ല. പരി. അമ്മയ്ക്ക് മാലാഖമാർ, പ്രവാചകന്മാർ, ശ്ലീഹന്മാർ, സഹദേന്മാർ എന്നിവരെക്കാൾ മഹത്വമേറിയ സ്ഥാനമുണ്ട്.

ക്രിസ്തുവിനെക്കുറിച്ചുള്ള വസ്തുതകൾക്ക് ഏറ്റവും വലിയ സാക്ഷ്യമാണ് പരി. മറിയം. ക്രിസ്തുവിനെസംബന്ധിച്ച രഹസ്യം ആദ്യം ഗ്രഹിച്ച മനുഷ്യ സ്ത്രീ പരിശുദ്ധ കന്യകമറിയാം ആകുന്നു. "കൃപ നിറഞ്ഞവളെ നിനക്ക് സമാധാനം കർത്താവ് നിന്നോട് കൂടെ" എന്നാണ് മാലാഖ പറഞ്ഞത്. ഇത്രമാത്രം ഉന്നതാവസ്ഥയിലും അഹങ്കാരവും ആത്മപ്രശംസയും മറിയാമിനെ ഒട്ടും ബാധിച്ചില്ല. എന്നുമാത്രമല്ല ദൈവമാതാവിന്റെ വിനയവും താഴ്മയും സമർപ്പണവും വെളിവാക്കുകയും ചെയ്യുന്നതാണ്, "കണ്ടാലും ഞാൻ കർത്താവിന്റെ ദാസി, അവിടുത്തെ ഇഷ്ടം പോലെ ഭവിക്കട്ടെയെന്ന്" മാലാഖയോടുള്ള മറിയാമിന്റെ മറുപടി.

എലീശുബയുടെ വീട്ടിലെത്തുന്ന മറിയത്തിന്റെ പാട്ട് (ലൂക്കോ 1:46-54) ഭക്തി ഗീതാഞ്ജലി തന്നെയാണ്. ഈ പാട്ട് തന്റെ മകൻ സ്ഥാപിക്കുന്ന ദൈവ രാജ്യത്തെക്കുറിച്ചുള്ള ഉദാത്തമായ ദർശനം കൂടിയായിരുന്നു. പരി. സഭ ആരാധനയിൽ ദൈവമാതാവിന് പലവിശേഷണങ്ങൾ നൽകിയിട്ടുണ്ട്.

**1. രണ്ടാം ഹൗവ്വ**

ഹൗവ്വ മനുഷ്യവർഗ്ഗത്തിന്റെ വീഴ്ചയ്ക്ക് കാരണക്കാരിയായിതീർന്നു. ഏദന്റെ പറുദീസയിൽ വച്ച് സാത്താന്റെ വാക്ക് അവളിലേക്ക് കടന്നുചെല്ലുമ്പോൾ അത് മരണത്തിന് കാരണമായി തീർന്നു. സ്ത്രീമൂലം വന്ന നാശം സ്ത്രീയാൽ തന്നെ മാറി രക്ഷവരേണ്ടിയിരുന്നു. ഹൗവ്വ സർപ്പത്തെ വിശ്വസിച്ചു. മറിയം ഗബ്രിയേലിനെ വിശ്വസിച്ചു. പിശാചിന്റെ വാക്ക് വിശ്വസിച്ച് ഹൗവ്വ വരുത്തിക്കൂട്ടിയതായ പാപം മറിയാമിനാൽ കഴുകപ്പെട്ടു. മനുഷ്യനെചതിച്ച സർപ്പത്തിന്റെ തല തകർക്കുവാൻ ഒരു സ്ത്രീയിലുണ്ടായ സന്തതി ആവശ്യമായി തീർന്നു. അങ്ങിനെപരിശുദ്ധ അമ്മയിലൂടെ ലോക രക്ഷിതാവ് ഈ ലോകത്തിൽ ജാതനായി. ബെത്‌ലഹേം മുതൽ ഗോഗുൽത്താ വരെ ഒരു നിഴൽ പോലെ മകന്റെ പിന്നിലൂടെ അനുഗമിച്ച അമ്മ സമയമായില്ലാ എന്ന് 12-ാം വയസ്സിലും സമയമായി എന്ന് 30-ാം വയസ്സിലും വാചാലമായ മൗനത്തിലൂടെ പുത്രനെഓർമ്മപ്പെടുത്തിയിരുന്നു.

**2. എരിയാത്ത മുൾച്ചെടി**

അമ്മായി അപ്പന്റെ ആടുകളെ നോക്കിനടത്തിയിരുന്ന മോശയ്ക്ക് ദൈവം പ്രത്യക്ഷപ്പെട്ടു (പുറ. 3:2 മുതൽ ഭാഗം) എരിതീ കത്തിക്കൊണ്ടിരുന്നു. മുൾമരം എരിഞ്ഞില്ല. ദഹിപ്പിക്കുന്ന അഗ്നി ഇറങ്ങി വസിച്ചിട്ടും എരിഞ്ഞു പോകാത്ത മുൾപ്പടർപ്പാണ് മറിയം. മനുഷ്യാവതാരം മറിയാമിലൂടെ നടന്നു. പരി. മറിയം നിത്യകന്യകയായി തുടർന്നു. മഹത്വവാനായ പ്രവാചകൻ ഇങ്ങനെ പറഞ്ഞു. കന്യക ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും (യെശ. 7:14) ലോകം ഉണ്ടായതുമുതൽ ഇന്നുവരേയും കന്യകമറിയം അല്ലാതെ ഒരു കന്യകയും ഗർഭിണിയായിട്ടില്ല. വി. ലൂക്കോ. 1:27-ാം വാക്യം മുതൽ വായിക്കുമ്പോൾ വി. ദൈവമാതാവ് നമ്മുടെ കർത്താവിനെഗർഭം ധരിച്ചതും പ്രസവിച്ചതും കന്യാവ്രതത്തിന് അശേഷം ഭംഗം വരാതെയാണെന്ന് വ്യക്തമാകും.

തുടരും...

# ഗീവർഗീസ് മോർ ബർന്നാബാസ് മെത്രാപ്പോലീത്ത



റാന്നി കരിക്കുലം തെങ്ങുംതറയിൽ ടി.ടി. യാക്കോബിന്റേയും സലോമിയുടേയും മകനായി 1953 മെയ് 29 ന് ജനനം. വിദ്യാഭ്യാസം പൂർത്തീകരിച്ചതിനു ശേഷം 1979 ശെമ്മാശപട്ടം സ്വീകരിച്ചു. 1982 ൽ കശീശ്ശയായി. 2005 ൽ പരിശുദ്ധ കാതോലിക്ക ബാവായിൽ നിന്നും റമ്പാൻപട്ടം സ്വീകരിച്ചു. ഫെബ്രുവരി 2010 ൽ പുത്തൻകുരിശ് പാത്രിയർക്ക കത്തീഡ്രലിൽ വച്ച് പരി. ബസേലിയോസ് തോമസ് പ്രഥമൻ ബാവായിൽ നിന്നും മെത്രാപ്പോലീത്ത സ്ഥാനം സ്വീകരിച്ചു. നിലവിൽ സഭയുടെ ദയറാ സ്ഥാപനങ്ങളുടെ അധിപനായും കിക്കോഴൂർ മോർ ഗ്രീഗോറിയോസ് സെന്ററിന്റെ ഡയറക്ടറായും റാന്നിയിലെ മോറിയ ആശ്രമത്തിന്റെ സുപ്പീരിയറായും സേവനമനുഷ്ഠിക്കുന്നു. ●

## സ്മരണിക 2011

### ADVERTISEMENT TARIFF

| | | |
|---|---|---|
| Front cover inside (Colour) | Rs. | 15,000 |
| Back cover outside (Colour) | Rs. | 20,000 |
| Back cover inside (Colour) | Rs. | 10,000 |
| Inside full page (Colour) | Rs. | 8,000 |
| Half page (Colour) | Rs. | 4,000 |
| Quarter page (Colour) | Rs. | 2,000 |
| Full page (B&W) | Rs. | 5,000 |
| Half page (B&W) | Rs. | 2,500 |
| Quarter Page (B&W) | Rs. | 1,250 |
| Thanks Giving (B&W)1/4 Page | Rs. | 1,250 |
| Thanks Giving (B&W)1/8 Page | Rs. | 500 |
| Obituary with photo | Rs. | 500 |
| Single Line (B/C) | Rs. | 250 |

# സെന്റ് ജോർജ്ജ് നാണയങ്ങൾ

പൗലോസ് മൂക്കനോട്ടിൽ

നമ്മുടെ നാട്ടിൽ 'കുതിരപവൻ' എന്ന പേരിൽ ലഭിക്കുന്ന സ്വർണ്ണനാണയത്തിൽ ഒരു വശം വി. ഗീവർഗീസ് സഹദാ സർപ്പത്തെ നിഗ്രഹിക്കുന്ന ചിത്രത്തോട് കൂടിയതാണ്. ഇതിന്റെ ഉൽഭവം 1526 ൽ ഹെൻട്രി 8-ാ മന്റെ കാലത്താണ്. വി. ഗീവറുഗീസ് സഹദാ ഇംഗ്ലണ്ടിന്റെ സംരക്ഷകനായി അന്ന് അറിയപ്പെട്ടിരുന്നു. ഇന്ന് ഈ നാണയം കേരളത്തിലും ധാരാളമായി ഉണ്ടാക്കുന്നുണ്ട്. വി. ഗീവർഗീസ് സഹദാ കുതിരമേലിരുന്ന് സർപ്പത്തെ നിഗ്രഹിക്കുന്ന ചിത്രമുള്ളതിനാൽ നമ്മുടെ നാട്ടിൽ വി. ഗീവറുഗീസ് നാണയം 'കുതിരപവനായി'.

നാണയങ്ങളിൽ വി. ഗീവറുഗീസ് സഹദാ ചിത്രങ്ങൾ യൂറോപ്പിൽ പ്രചാരത്തിൽ ഇരുന്നിരുന്നു. ആദ്യമായി ഇത്തരം നാണയം ഇറങ്ങിയത് ഇറ്റലിയിൽ നിന്നാണ്. എർക്കോൾ ഒന്നാമൻ (1475-1506) വി. ഗീവറുഗീസ് ചിത്രം (സർപ്പത്തോട് യുദ്ധം ചെയ്യുന്നത്) ഉള്ള നാണയം ഉണ്ടാക്കാൻ കല്പനനൽകി.

13-ാം നൂറ്റാണ്ടിൽ വി. സഹദായുടെ ഭക്തരായിരുന്ന ജർമ്മനിയിലെ 'മാൻസ് ഫീൽഡ്' കുടുംബം വി. ഗീവറുഗീസ് സഹദായെ പതാകയേന്തി നിൽക്കുന്ന കുതിരപട്ടാളക്കാരനായി നാണയങ്ങളിൽ ചിത്രീകരിച്ചു. 16-ാം നൂറ്റാണ്ടായപ്പോഴേക്കും സർപ്പത്തെ കൊല്ലുന്ന ചിത്രമാക്കി മാറ്റി. പട്ടാളക്കാർ ഈ നാണയം സ്വന്തമാക്കാൻ ശ്രമിച്ചിരുന്നു. 1521 ആയപ്പോൾ യുദ്ധത്തിൽ അപകടം വരാതിരിക്കാൻ ഈ നാണയങ്ങൾ കൈവശം വയ്ക്കുക വഴി സാധിക്കുമെന്ന് വിശ്വസിച്ചിരുന്നു.

1622 ൽ ഇറ്റലിയിലെ ഗൊൻസകാ കുടുംബക്കാർ വി. ഗീവറുഗീസ് സഹദായുടെ സർപ്പയുദ്ധം നടത്തുന്ന ചിത്രീകരണത്തോടെ വെള്ളിനാണയം പുറത്തിറക്കി.

18-ാം നൂറ്റാണ്ടിൽ ജോർജ്ജ് മൂന്നാമന്റെ കാലത്ത് ഇംഗ്ലണ്ടിലെ മിക്ക നാണയങ്ങളിലും ഗീവറുഗീസ് സഹദാ ചിത്രം ചേർക്കുന്നത് പതിവായി.

കാനഡയിലെ ചില നാണയങ്ങളിലും, ബാങ്ക് ഓഫ് ജെനോവ പുറപ്പെടുവിച്ച ബാങ്ക് നോട്ടുകളിലും ഗീവറുഗീസ് സഹദാ ചിത്രം ചേർത്തിരുന്നു.

ലെംബാർഡിയിൽ 7-ാം നൂറ്റാണ്ടിലെ നാണയങ്ങളിൽ വി. സഹദാ ചിത്രം ചേർത്തിരുന്നു.

ഇന്നും നമ്മുടെ നാട്ടിൽ വി. ഗീവറുഗീസ് നാണയമായ 'കുതിരപവൻ' ലോക്കറ്റായി ഭക്തിപൂർവ്വം ധരിക്കുന്നവർ ധാരാളമുണ്ടല്ലേ.

## ശിശുക്കളോടുള്ള യേശുവിന്റെ സ്നേഹം

ശിശുദിനാശംസകളോടെ
ഷെൽമി റെജി, പനച്ചിയിൽ
സെന്റ് പീറ്റേഴ്സ് കുടുംബയൂണിറ്റ്, ഇരുമ്പനം



# വൃശ്ചികം 20 പെരുന്നാൾ ഒരുക്കം തുടങ്ങി
## കോതമംഗലം മോർ തോമൻ ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന യൽദോ മോർ ബസ്സേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാൾ (തമുക്കുപെരുന്നാൾ)

ഈ പരിശുദ്ധന്റെ തിരുശേഷിപ്പ് സ്ഥാപിതമായിരിക്കുന്ന ആഗോള ജോർജ്ജിയൻ തീർത്ഥാടന കേന്ദ്രമായ കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് കത്തീഡ്രലിൽ ഡിസംബർ 1, 2, 3 (ബുധൻ, വ്യാഴം, വെള്ളി) എന്നീ തീയതികളിൽ ആഘോഷിക്കുന്നു. **ഈ വർഷത്തെ കൊടിയേറ്റം 1-ാം തീയതി രാവിലെ 7.15 ന് വി. കുർബ്ബാനയ്ക്ക് ശേഷം ആയിരിക്കും.** പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറിയും കൊച്ചി ഭദ്രാസനമെത്രാപ്പോലീത്തയുമായ ഡോ. ജോസഫ് മോർ ഗ്രീഗോറിയോസ് പെരുന്നാൾ ചടങ്ങുകൾക്ക് മുഖ്യ കാർമ്മികത്വം വഹിക്കും.

# പെരുന്നാൾ ഓഹരി

2011 ഡിസംബർ 1, 2, 3 തീയതികളിൽ നടക്കുന്ന വിശുദ്ധ യൽദോ മോർ ബസ്സേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാളിന്റെ ഓഹരി 1001 രൂപയായി ക്രമീകരിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് പള്ളി ഓഫീസുമായി ബന്ധപ്പെടുക.

വികാരി

# തമുക്ക് നേർച്ച തയ്യാറാക്കുവാൻ സഹകരിക്കുക

നമ്മുടെ ദൈവാലയത്തിൽ ഡിസംബർ 1, 2, 3 തീയതികളിൽ വിശുദ്ധ യൽദോ മോർ ബസ്സേലിയോസ് ബാവായുടെ ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി നടക്കുന്ന തമുക്കു നേർച്ച തയ്യാറാക്കുവാൻ എല്ലാ കുടുംബ യൂണീറ്റുകളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു. യൂണിറ്റ് സെക്രട്ടറിമാർ ഇക്കാര്യത്തിൽ പള്ളി ഓഫീസുമായി ബന്ധപ്പെട്ട് വേണ്ട ക്രമീകരണം നടത്തുക.

# പെരുന്നാൾ പ്രദക്ഷിണത്തിന് സഹകരിക്കുക

വൃശ്ചികം 20 പെരുന്നാളിന്റെ ഭാഗമായി ഡിസംബർ 2-ാം തീയതി വൈകുന്നേരം തിരുവാങ്കുളം കുരിശുപള്ളിയിലേക്കും 3-ാം തീയതി ചിത്രപ്പുഴ കുരിശുപള്ളിയിലേക്കും നടക്കുന്ന പ്രദക്ഷിണത്തിന് പള്ളി ഉപകരണങ്ങൾ എടുക്കുവാൻ കുടുംബ യൂണിറ്റുകൾ സഹകരിക്കുക. സ്ത്രീകൾ വെള്ള വസ്ത്രം ധരിച്ച് പ്രദക്ഷിണത്തിൽ പങ്കെടുക്കുവാനും ശ്രദ്ധിക്കുക. കുടുംബ യൂണീറ്റ് സെക്രട്ടറിമാർ വേണ്ട നിർദ്ദേശങ്ങൾ നൽകി എല്ലാ യൂണീറ്റുകളിൽ നിന്നും പരമാവധി ആളുകളെ പെരുന്നാൾ ചടങ്ങുകളിൽ പങ്കെടുപ്പിക്കുവാൻ ശ്രദ്ധിക്കണം.

# അറിയിപ്പ്

തീർത്ഥാടന കേന്ദ്രമായ കരിങ്ങാച്ചിറ കത്തീഡ്രലിൽ വൃശ്ചികം 20 പെരുന്നാൾ (തമുക്കു പെരുന്നാൾ) ഡിസംബർ 1, 2, 3 തീയതികളിൽ ആഘോഷിക്കുന്നു. അന്നേദിവസങ്ങളിൽ കുടുംബ യൂണീറ്റ് യോഗങ്ങൾ ഉണ്ടായിരിക്കുന്നതല്ല എന്ന് കത്തീഡ്രൽ വികാരിയും കുടുംബ യൂണീറ്റ് കൺവീനറുമായ ഫാ. വർഗീസ് പുലയത്ത് അറിയിച്ചു.

## ഇടവക കലണ്ടർ (ഡിസംബർ 2011) (കുടുംബ യൂണിറ്റ്)


| ഞായർ | തിങ്കൾ | ചൊവ്വ | ബുധൻ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | | | | 1<br>1, 2, 3 തമുക്കു പെരുന്നാൾ | 2 | 3 |
| 4<br>• ഇരുമ്പനം കുരിശുപള്ളി<br>• സെന്റ് ജോസഫ്<br>• മൗണ്ട് കർമ്മേൽ | 5<br>സെന്റ് മേരീസ് | 6<br>• മോർ കൂറിലോസ്<br>• മോർ ബസ്സേലിയോസ് | 7<br>ധ്യാനയോഗം<br>10 മുതൽ 12.30 | 8 | 9 | 10<br>• മാർ മിഖായേൽ<br>• സെന്റ് കുര്യാക്കോസ് |
| 11<br>• ചിത്രപ്പുഴ കുരിശുപള്ളി<br>• മാർ സേവേറിയോസ്<br>മൗണ്ട് താബോർ | 12 | 13<br>ഇസ്രായേൽ | 14<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• മാർബർസൗമ്മാ | 15 | 16 | 17<br>• ബഥാനിയ<br>• മാർ സ്തേഫാനോസ് |
| 18<br>• മാർ കൗമ്മാ<br>• മൗണ്ട് ഹെബ്രോൺ | 19<br>• സെന്റ് അപ്രേം | 20<br>• സെന്റ് ഇഗ്നാത്തിയോസ് | 21<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• സെന്റ് ജോൺസ് | 22 | 23 | 24<br>ക്രിസ്തുമസ് |
| 25<br>ക്രിസ്തുമസ് | 26<br>• മോർ പോളിക്കാർപ്പസ് | 27<br>• മാർ ഗ്രിഗോറിയോസ് | 28<br>ധ്യാനയോഗം<br>10 മുതൽ 12.30<br>• സെന്റ് പീറ്റേഴ്സ് | 29 | 30 | 31 |

### ചരമം

1. കടുംഗമംഗലം ദേശത്ത് തുരുത്തിയിൽ പൗലോസ് (82) 10.10.2011–ൽ കർത്താവിൽ നിദ്രപ്രാപിച്ചു.
2. തിരുവാങ്കുളം ദേശത്ത് ഞാളിയത്ത് പൗലോസ് (83) 17.10.2011–ൽ കർത്താവിൽ നിദ്രപ്രാപിച്ചു.
3. ശാസ്താംമുകൾ ദേശത്ത് കാട്ടേത്തുമുകൾ മറിയാമ്മ (93) 19.10.2011–ൽ കർത്താവിൽ നിദ്രപ്രാപിച്ചു.

## പാവനസ്മരണയ്ക്ക്

22-ാം ചരമവാർഷികം (15.11.2011)



**സി.വി. ജോർജ്ജ്**

ചക്രവേലിൽ, ഇരുമ്പനം

*സന്തപ്തകുടുംബാംഗങ്ങൾ*

## സ്നേഹസ്മരണയ്ക്ക്



**അന്നമ്മ വർഗീസ്**

(10.6.1943 16.11.2009)

മാന്നുള്ളിൽ

# വിജ്ഞാനകൗതുകം

ടി.വി. പൗലോസ്, തൊമ്മൻകുടിയിൽ

1. "യഹോവ ഒരു മനുഷ്യന്റെ വാക്ക് കേട്ടനുസരിച്ച ആ ദിവസം പോലെ ഒരു ദിവസം അതിന് മുമ്പും പിമ്പും ഉണ്ടായിട്ടില്ല." ഏതു മനുഷ്യന്റെ വാക്കാണ് ദൈവം കേട്ടനുസരിച്ചത്?
   a. മോശ b. യോശുവ c. അഹറോൻ
2. താഴെ പറയുന്നവരിൽ 'ദൈവത്തിന്റെ സ്നേഹിതൻ' എന്ന് യാക്കോബ് ശ്ലീഹാ പറയുന്നത് ആരെക്കുറിച്ച്?
   a. അബ്രഹാം b. നോഹ c. ദാവീദ്
3. സുവിശേഷങ്ങളിൽ ആദ്യം എഴുതപ്പെട്ട സുവിശേഷം ഏത്?
   a. വി. മത്തായി b. വി. മർക്കോസ് c. വി. ലൂക്കോസ്
4. "ഇതാ സാക്ഷാൽ ഇസ്രായേല്യൻ, ഇവനിൽ കപടം ഇല്ല" കർത്താവിൽ നിന്നും ഈ ബഹുമതി ലഭിച്ച ശിഷ്യൻ ആര്?
   a. പത്രോസ് b. യോഹന്നാൻ c. നഥാനിയേൽ
5. 'ഹുത്തോമോ' ഈ വാക്കിന്റെ അർത്ഥമെന്ത്?
   a. പാപ പരിഹാര പ്രാർത്ഥന b. പ്രത്യേക അപേക്ഷ c. സമാപനപ്രാർത്ഥന
6. നോഹയുടെ പെട്ടകം ഏത് പർവ്വതത്തിലാണ് ഉറപ്പിച്ചത്?
   a. ഹോറേബ് b. ആരാതത്ത് c. നെബോ
7. "ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്" യേശുവിനെചൂണ്ടിക്കാണിച്ചുകൊണ്ട് ആരാണ് ഇപ്രകാരം പറഞ്ഞത്?
   a. പീലാത്തോസ് b. കച്ചാഫാവ് c. യോഹന്നാൻ സ്നാപകൻ
8. ബഥാന്യയിലേയ്ക്ക് പോകുവാൻ കർത്താവ് തീരുമാനിച്ചപ്പോൾ, "അവനോടുകൂടെ മരിയ്ക്കേണ്ടതിന് നാമും പോക" എന്ന് പറഞ്ഞ ശിഷ്യൻ ആര്?
   a. തോമസ് യാക്കോബ് c. അന്ത്രയോസ്
9. 'വി. ഗ്യന്ഥത്തിൽ' ആകെ എത്ര പുസ്തകങ്ങൾ ഉണ്ട്?
   a. 66 b. 73 c. 77

**ഒക്ടോബർ ലക്കം ശരി ഉത്തരങ്ങൾ:** 1 സി, 2 ബി, 3 എ, 4 എ, 5 ബി, 6 സി, 7 ബി, 8 സി, 9 എ
**ശരിയുത്തരം അയച്ചുതന്നവർ:** 9, വിജയി: റോമ്യാ റോയ്, കാക്കശ്ശേരിൽ, എൽ. ബി. എസ്. ആർ തിരുവാങ്കുളം, മൗണ്ട് കാർമേൽ
**ശരി ഉത്തരം തന്നവരുടെ പേരുകൾ യൂത്ത് അസോസിയേഷന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കുന്നതായിരിക്കും.**

*ഇവിടെ മുറിക്കുക*

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| 1. | A ☐ | B ☐ | C ☐ | 2. | A ☐ | B ☐ | C ☐ | 3. | A ☐ | B ☐ | C ☐ |
| 4. | A ☐ | B ☐ | C ☐ | 5. | A ☐ | B ☐ | C ☐ | 6. | A ☐ | B ☐ | C ☐ |
| 7. | A ☐ | B ☐ | C ☐ | 8. | A ☐ | B ☐ | C ☐ | 9. | A ☐ | B ☐ | C ☐ |

ശരിയുത്തരം ടേബിളിൽ ടിക്ക് ചെയ്യുക. വിലാസം പൂരിപ്പിച്ച് കൂപ്പണുകൾ പള്ളിയിലെ ജോർജ്ജിയൻ വോയ്സ് ലെറ്റർ ബോക്സിൽ നിക്ഷേപിക്കുക. ശരിയുത്തരം ഒന്നിൽ കൂടുതൽ ഉണ്ടെങ്കിൽ നറുക്കെടുത്ത് സമ്മാനം നൽകുന്നതാണ്. ഉത്തര കൂപ്പണുകൾ നിക്ഷേപിക്കേണ്ട അവസാന തീയതി 25.11.2011.

പേര് ..........................................
വിലാസം ..........................................
..........................................
..........................................
ഫോൺ ..........................................
കുടുംബയൂണീറ്റ് ..........................................


## വാർത്തകൾ

### പുത്തൻ കുർബ്ബാനഅർപ്പിച്ചു

നമ്മുടെ ഇടവകയിൽ മൂക്കനോട്ടിൽ പരേതനായ ശ്രീ. എം.വി. വർഗീസിന്റേയും ശ്രീമതി ഏലി യാമ്മയുടേയും മകൻ റവ.ഫാ. അനിൽ (യൂഹാ നോൻ) ഒക്ടോബർ മാസം 23-ാം തീയതി നമ്മുടെ കത്തീഡ്രലിൽ ആദ്യബലി അർപ്പിക്കുകയുണ്ടായി. കഴിഞ്ഞ മാസം 15-ാം തീയതിയാണ് നമ്മുടെ ഇട വക മെത്രാപ്പോലീത്തായിൽ നിന്ന് കശീശ്ശാപട്ടം സ്വീകരിച്ചത്. ഇപ്പോൾ മോർ ഗ്രീഗോറിയോസ് ബോയ്സ് ഹോമിൽ സേവനമനുഷ്ഠിക്കുന്നു. വളരെ കാലം തബീഥാ സെന്ററിൽ സേവനം അനു ഷ്ഠിച്ച അദ്ദേഹത്തിന്റെ ഇനിയുള്ള സേവനങ്ങൾ സഭയുടെ നേട്ടത്തിനും സമൂഹത്തിന്റെ നന്മ ക്കുമായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഒപ്പം കത്തീഡ്രലിന്റെ ആശംസകളും നേരുന്നു.

## പാവനസ്മരണയ്ക്ക്

### 4 – ാം ചരമവാർഷികം (7.12.2011)



**വർക്കി പൈലി**
**മാലായിൽ**

## വി. മർത്തമറിയം വനിത സമാജം

### 2011-2012 വർഷത്തിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ

വൈസ് പ്രസിഡന്റ്



**ലില്ലി പോൾ**

സെക്രട്ടറി



**ലീലാമ്മ എബ്രഹാം**

ജോ. സെക്രട്ടറി



**ലീല കുരിയാച്ചൻ**

ട്രഷറർ



**സൂസി വർഗീസ്**

| | |
|---|---|
| വൈസ് പ്രസിഡന്റ് | ശ്രീമതി ലില്ലി പോൾ |
| സെക്രട്ടറി | ശ്രീമതി ലീലാമ്മ എബ്രഹാം |
| ജോ. സെക്രട്ടറി | ശ്രീമതി ലീല കുരിയാച്ചൻ |
| ട്രഷറർ | ശ്രീമതി സൂസി വർഗീസ് |

കമ്മറ്റി അംഗങ്ങൾ

1. ചിന്നമ്മ തോമസ്
2. അന്നക്കുഞ്ഞ് കുഞ്ഞപ്പൻ
3. ചിന്നമ്മ ഐസക്
4. ശാന്ത വർഗീസ്
5. ശാന്ത പൗലോസ്
6. മേരി മത്തായി

ആഡിറ്റേഴ്സ്

1. ശ്രീമതി ലീല പീറ്റർ
2. ശ്രീമതി ലിസി മാത്യു

## ക്രിസ്തുമസ് കരോൾ നൈറ്റും ട്രീ മത്സരവും

ക്രിസ്തുമസ് ആഘോഷ ത്തിന്റെ ഭാഗമായി കത്തീ ഡ്രലിൽ ഡിസംബർ 24-ാം തീയതി വൈകിട്ട് കുടുംബ യൂണിറ്റുകളുടെ ക്രിസ്തു മസ് ട്രീ മത്സരം നടത്തപ്പെ ടുന്നു. കൂടാതെ 25-ാം തീയതി കരോൾ നൈറ്റും വിജയമാക്കിത്തീർക്കുവാൻ എല്ലാ യൂണിറ്റുകളും സഹ കരിക്കണമെന്ന് വികാരി അറിയിച്ചു. കൂടുതൽ വിവര ങ്ങൾക്ക് കത്തീഡ്രൽ ഓഫീസുമായി ബന്ധപ്പെ ടേണ്ടതാണ്.

No one connects Kerala as we do

**connectingmalayali.com**

malayali's own portal

# മലയാളികൾ സ്മാർട്ടാകുന്നു

## connectingmalayali.com ലൂടെ

മലയാളികൾക്കാവശ്യമുള്ള വിവിധ സേവനങ്ങൾ ഒരു കുടക്കീഴിൽ ലഭ്യമാക്കിക്കൊണ്ട് മലയാളികളുടെ നിത്യജീവിതത്തിന്റെ അവിഭാജ്യഘടകമാകാൻ കേരളത്തിലുടനീളം നൂറിലധികം സെന്ററുകളുമായി പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

**മാട്രിമോണി, റിയൽ എസ്റ്റേറ്റ്, വെഹിക്കിൾ സെയിൽ, ബിസിനസ് ഡയറക്ടറി, എംപ്ലോയിമെന്റ്, എഡ്യൂക്കേഷൻ etc**

ഈ സേവനങ്ങൾ ലഭ്യമാകുന്നതിന് ഏറ്റവും അടുത്തുള്ള CM സെന്ററുമായി ബന്ധപ്പെടുക

**CM Centre, Tripunithura**

Mukkadakkal bldg, Hillpalace Road, Kollanpady, Irimpanam P.O.
Ph: 0484 3129261, Mob: 9446415941 (sms for free registration)
Email: customercare56678a@gmail.com

**ഇപ്പോൾ ഫ്രീ ആയി രജിസ്റ്റർ ചെയ്യാവുന്നതാണ്**



# പാവനസ്മരണയ്ക്ക്

**2-ാം ചരമവാർഷികം (05.11.2011)**



**അബ്രഹാം (അവരാച്ചൻ)**
**മുട്ടത്ത്**

*സന്തപ്തകുടുംബാംഗങ്ങൾ*



CROWN
BAKERY
Thiruvamkulam
Ph: 2786480

---

Jayabharath
BAKERY
Panchayath Junction, Thiruvamkulam
Ph: 2786480

Chief Editor: Varghese Raju Mob: 9895080955, Printed & Published by : Shiju P.K. Mob: 9895087333
for Youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O., Ph: 0484 2777877
E-mail: georgianvoices@gmail.com
Printed at: Color World Offset Printers, Vettikulam, Mulanthuruthy. Ph: 94475 74356